# കേരള സ® ക്കാ®

## കേരള സംസ്ഥാന ഓഡിറ്റ്  വകുപ്പ്

**www.ksad.kerala.gov.in**

## അവിണിശ്ശേരി  ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോ® ട്ട്

# 2024-2025


കേരള സംസ്ഥാന ഓഡിറ്റ്  വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – **680020**

ഇ-മെയി® :  **dotsr.ksad@kerala.gov.in**

ഫോ®  :  **0487-2331249**

(രജിസ്റ്റ®  ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® :  കെ.എസ്.എ.ടി.എസ്.ആ® (പി2)931/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി:  21/08/2025
ഇ-മെയി® :
dotsr.ksad@kerala.gov.in
ഫോ® :  0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക®  പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് ചട്ടം 23(1)®  നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട®  നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട®  ഇതി®  പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ®  എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി®  ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ®  ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി®  ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ®  15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂ® .
3) കാര്യാലയ പകർപ്പ്.

നമ്പർ : കെ.എസ്.എ.ടി.എസ്.ആർ (പി2)931/2025 തീയ്യതി: 21/08/2025

## തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-07-2024 മുതൽ 21-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 23-06-2025 | 01-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ ) | തീയതി (വരെ) |
|---|---|
| 23-06-2025 | 01-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

പ്രസാദ്.പി (ഓഡിറ്റ് ഓഫീസർ)

23.06.2025 മുതൽ 30.06.2025 വരെ

ഷറഫുദ്ദീൻ. എസ്. എച്ച് (അസി. ഓഡിറ്റ് ഓഫീസർ)

23.06.2025 മുതൽ 30.06.2025 വരെ

കന്തസ്വാമി.ഐ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

23.06.25 മുതൽ 01.07.2025 വരെ

രമ്യ.കെ.കെ (ഓഡിറ്റർ)

23.06.25 മുതൽ 01.07.2025 വരെ

## (ബി)നി® വഹണാധികാരിക®

| പേര് | ഔദ്യോഗിക പദവി | തീയതി (മുത® ) | തീയതി (വരെ) |
|---|---|---|---|
| ഹരി പി. നരേന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സിൻത് കെ.സുധൻ | സെക്രട്ടറി-ഇ® -ചാ® ജ്ജ് | 01-04-2024 | 23-06-2024 |
| രാമചന്ദ്രൻ കെ. | സെക്രട്ടറി-ഇ® -ചാ® ജ്ജ് | 24-06-2024 | 22-07-2024 |
| സിൻത് കെ.സുധൻ | സെക്രട്ടറി-ഇ® -ചാ® ജ്ജ് | 23-07-2024 | 08-09-2024 |
| എൻ. പ്രദീപ് കുമാർ | സെക്രട്ടറി | 09-09-2024 | 31-03-2025 |

## നി® വ്വഹണഉദ്യോഗസ്ഥ®

| പേര് | ഉദ്യോഗപ്പേര് | തീയതി (മുത® ) | തീയതി (വരെ) |
|---|---|---|---|
| ജിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2024 | 01-06-2024 |
| ഷിസ അരുൺ | കൃഷി ഓഫീസർ (ചാർജ്ജ്) | 02-06-2024 | 17-09-2024 |
| ഷഹനാസ് എം ആർ | കൃഷി ഓഫീസർ | 18-09-2024 | 31-03-2025 |
| മിനി എ. ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്ജ്) | 01-04-2024 | 21-04-2024 |
| ധന്യ എം. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-04-2024 | 31-03-2025 |
| ഡോ. ആര്യ വിജയകുമാർ | മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | 01-04-2024 | 31-03-2025 |
| ഡോ. സ്റ്റെഫി റോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. സുനന്ദ വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. ജെറി തോമസ് | വെറ്ററിനറി സർജൻ | 01-04-2024 | 21-07-2024 |
| ഡോ.പി അരുൺ റാഫേൽ | വെറ്ററിനറി സർജൻ | 22-07-2024 | 31-03-2025 |
| രഞ്ജിത്ത് റാഫേൽ | വി.ഇ.ഒ (അവിണിശ്ശേരി) | 01-04-2024 | 31-03-2025 |
| മേജോ പി. ജെ. | വി.ഇ.ഒ (പാലിശ്ശേരി) | 01-04-2024 | 31-03-2025 |
| സിൻത് കെ.സുധൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 23-06-2024 |
| രഞ്ജിത്ത് കെ ആർ. | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 24-06-2024 | 22-07-2024 |
| സിൻത് കെ.സുധൻ | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2024 | 10-09-2024 |
| രഞ്ജിത്ത് കെ ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2024 | 17-09-2024 |

| | | | |
|---|---|---|---|
| | (ചാർജ്ജ്) | | |
| രാജേഷ് കെ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2024 | 31-03-2025 |
| അംബിക കെ. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 06-08-2024 |
| ഷെമീന പി എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-08-2024 | 31-03-2025 |
| മഹേഷ് വി. സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഫാത്തിമ പി. എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ® |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | Prior Period Items- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷ® രേഖപെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാ® സാധിച്ചിട്ടില്ല | 1-1-5 |
| 7 | രജിസ്റ്ററുക® പരിപാലിക്കുന്നതിലെ അപാകങ്ങ® | 1-1-6 |
| 8 | ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-7 |
| 9 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | വാർഷിക കണക്കിലെ കണക്കുമായി രജിസ്റ്ററുകളിൽ രേഖപെടുത്തി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഫണ്ട് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 15 | ക്ഷേമ പദ്ധതികൾ | 1-6 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 18 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങ® | 1-9 |
| 19 | വ്യപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസ® സ് നൽകൽ-നടപടികളിൽ അപാകതകൾ | 1-10 |
| 20 | ലേലം അപാകതക® | 1-11 |
| 21 | മൊബൈ® ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടില്ല | 1-12 |
| 22 | അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടില്ല. | 1-13 |
| 23 | വസ്തു നികുതി പരിഷ്കരണം- ഫീൽഡ് വെരിഫിക്കേഷൻ നടത്തിട്ടില്ല | 1-14 |
| 24 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - കരാർ വ്യവസ്ഥകൾ കാലാനുസൃതമല്ല | 1-15 |
| 25 | ചെടിച്ചട്ടി വിതരണം - സ® ക്കാ® ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-16 |
| 26 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് മുൻകൂർ നൽകിയെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല | 1-17 |
| 27 | പി.എച്ച്.സി.യിലേക്ക് CCTV ക്യാമറ വാങ്ങി സ്ഥാപിക്കൽ - നാളിതുവരെയും പദ്ധതി നടപ്പിലായില്ല | 1-18 |
| 28 | മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ | 1-19 |

| | | |
|---|---|---|
| | നൽകിയതിൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | |
| 29 | വരൾച്ച-കുടിവെള്ള വിതരണം 2024-25-വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് ആധികാരികമായി രേഖപ്പെടുത്തിയിട്ടില്ല-രേഖകളുടെ അഭാവത്തിൽ 2,33,208 രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-20 |
| 30 | സ്നേഹധാര- കിടപ്പുരോഗികൾക്കായുള്ള മരുന്ന് വാങ്ങൽ - മുൻകൂർ നൽകിയ തുകയ്ക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-21 |
| 31 | മാലിന്യ സംസ്കരണം-ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-1,22,000 രൂപ നല്കിയതിന്റെ Weigh Bridge രശീതി ഹാജരാക്കേണ്ടതാണ് | 1-22 |
| 32 | വർക്കിംഗ് ഗ്രൂപ്പ് ചുമതലാ നിർവഹണം കാര്യക്ഷമമല്ല | 1-23 |
| 33 | ഗ്രാമസഭ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-24 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-25 |
| 35 | യോഗ തീരുമാനം - യഥാസമയം അംഗീകാരം വാങ്ങിക്കുന്നില്ല | 1-26 |
| 36 | ആയുഷ് എൻ എച്ച് എം ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നു വാങ്ങൽ- മുൻകൂർ നൽകിയ തുകയ്ക്ക് നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-27 |
| 37 | ജൽ ജീവൻ മിഷൻ-അവലോകനം | 1-28 |
| 38 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ & എഫ്)).

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.06.2025 ലെ 1 (1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് 6ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം **:** തൃശ്ശൂർ

തീയതി **:21.08.2025**

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)30,43,359 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -13,39,817.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 Prior Period Items- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "190000000-Prior Period Income", "290000000- Prior Period Expenditure" എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ഉപോത്ബലകമായ വർക്ക് ഷീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2025-ലെ ലെഡ്ജർ ബാക്കി |
|---|---|
| 290600499- Prior Period Expense – Remission And Refund – Other Incomes | 3,66,026 |
| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ, I-19) | 31.03.2025-ലെ ലെഡ്ജർ ബാക്കി |
| 190100101 – Prior Period Income- Property Tax | 51798 |
| 190100102 – Prior Period Income- Profession Tax | 1150 |
| 190200101-Prior Period Income- Rent From Bulidings | -56292 |
| 190200201-Prior Period Income- Licence Fees | 1000 |
| 190200401-Prior Period Income- Other Incomes | -957 |

## 1-1-4 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷികാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീയതി: 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-6 രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ്

അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

## 1-1-7 ഡിപ്രിസിയേഷൻ - വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2024-25 വർഷത്തെ Income And Expenditure പത്രിക പ്രകാരം 96,77,795 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-8 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-9 വാർഷിക കണക്കിലെ കണക്കുമായി രജിസ്റ്ററുകളിൽ രേഖപെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31.03.2025 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/ Prof | 4,12,250 |
| 2 | ലൈസൻ സ് | 350410301-Advance Collection Of Revenues - License Fees For Factories, Traders, Enterprenuers And Other Services | 2,31,500 |

## 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ. തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 16.02.2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം (1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 17.02.2025-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം (1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | ബജറ്റ് സംക്ഷിപ്തം | റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 6861275 | 18459666 |

| | | |
|---|---|---|
| തൻവർഷം വരവ് | 171144910 | 232787908 |
| ആകെ വരവ് | 178006185 | 251247574 |
| ചെലവ് | 175508580 | 248721912 |
| നീക്കിയിരിപ്പ് | 2497605 | 2525662 |

## 1-3 ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക, എ.സി.ആർ. എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് ലഭ്യമായിട്ടുള്ള ഫണ്ടുകളുടെ വരവ് ചിലവ് വിവരങ്ങൾ ചേർക്കുന്നു.

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ്ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15390000 | 15390000 | 15385000* | 5000 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3646000 | 3646000 | 3646000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 13708000 | 13708000 | 13708000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3504000 | 3504000 | 3504000 | 0 |
| ആകെ | 0 | 36248000 | 36248000 | 36243000 | 5000 |

ബി)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് – ബാങ്ക്) | 2867595 | 6098000 | 8965595 | 4810210 | 4155385 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് – ട്രഷറി) | | 590 | 590 | - | 590 |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്-ബാങ്ക്) | 2553341 | 2860186 | 5413527 | 4265321 | 1148206 |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്-ട്രഷറി ) | - | 109699 | 109699 | - | 109699 |
| PYKA | 320000 | 0 | 320000 | 0 | 320000 |
| Rural Housing | 400000 | 2500000 | 2900000 | 1960000 | 940000 |
| സാക്ഷരത | 5609 | 152 | 5761 | 0 | 5761 |
| ഐ.സി.ഡി.എസ്. | 1959003 | 1688917 | 3647920 | 1200504 | 2447416 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1661817 | 0 | 1661817 | 1066198 | 595619 |
| Total Sanitation | 388 | 0 | 388 | 0 | 388 |
| ഹെൽത്ത് ഗ്രാന്റ് – Infrastructure To PHC | 855963 | 375111 | 1231074 | 409256 | 821818 |
| ഹെൽത്ത് ഗ്രാന്റ് – Wellness Centres | 362307 | 574863 | 937170 | 265028 | 672142 |
| Fund For Transferred Institutions | 500000 | 0 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| Grants, Funds & Contributions – Other Purposes | 17289 | 1369 | 18658 | 0 | 18658 |

* സുലേഖ ചിലവ് പത്രിക പ്രകാരം വികസന ഫണ്ട്-ജനറൽ ചിലവ് തുക 1,53,55,000 രൂപയാണ്. 30,000 രൂപയുടെ വ്യത്യാസം കാണുന്നു.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ)–ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുടെ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെയുള്ള തുകയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം | പൂർത്തീകരിച്ച പ്രൊജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 274 | 13,91,07,681 | 208 | 6,39,89,487 | 46 | 75.91 |

അംഗീകാരം ലഭിച്ച 274 പദ്ധതികളിൽ എണ്ണം 208 (75.91 %) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 46.00% മാത്രം ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതിക® തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,914 | 7,61,038 | 7,66,952 | 7,59,327 | 7,625 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 81,20,229 | 81,20,229 | 81,20,229 | 0 |
| ആകെ | 5,914 | 88,81,267 | 88,87,181 | 88,79,556 | 7,625 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 3537600 | 217 |
| വിധവാ പെൻഷൻ | 13799200 | 898 |
| വാർദ്ധക്യകാല പെൻഷൻ | 30885500 | 2094 |
| വികലാംഗപെൻഷൻ | 3483200 | 228 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2236800 | 146 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്ക® ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല® സ് പരിശോധന 27.06.2025 തീയതിയി® 3:00 PM ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തി® നടത്തുകയുണ്ടായി. പരിശോധനയി® 10,061 രൂപ ക്യാഷ് ബാല® സിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തി® പരിശോധനയുടെ ഭാഗമായി കണ്ട അപാകതക® ഈ റിപ്പോ® ട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളി® പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങ®

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ മുത® മുടക്കുകളി® നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴി® നികുതി നല്കുവാ® ബാധ്യസ്ഥനാണ്.

2024-25 സാമ്പത്തിക വർഷത്തെ തൊഴി® നികുതി രജിസ്റ്റ® പരിശോധിച്ചതി® പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴി® നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് അവിണിശ്ശേരി | 1st |
| 2 | ഐ.കെ.എം. (ബ്ലോക്ക് ടി.എ.) | 1st & 2nd |
| 3 | ഗാലക്സി പോളിമേഴ്സ് | 1st & 2nd |
| 4 | ഗോബ® പ്ലാസ്റ്റോവെയേഴ്സ് | 1st & 2nd |
| 5 | ഗുരുശ്രീ വിദ്യാനികേത® പാലിശ്ശേരി | 1st & 2nd |
| 6 | കെയ® ഫോ® സ® ജിക്ക® സ് | 2nd |
| 7 | മുദ്ര® ടിംബേ® സ് | 1st & 2nd |
| 8 | പുളിക്കത്തറ കോ® ക്രീറ്റ്സ് | 2nd |
| 9 | പാ® ട്ണ® പാക്കിങ് | 1st & 2nd |
| 10 | ഡ്രൈവ® ലോജിസ്റ്റിക് സ് | 2nd |
| 11 | അവിണിശ്ശേരി ക്ഷീരോ® പാദക സഹകരണ സംഘം | 1st |
| 12 | കൃഷ്ണ ടിംബ® ഇ® ഡസ്ട്രീസ് | 2nd |
| 13 | തട്ടി® പാക്കേഴ്സ് | 2nd |
| 14 | സെന്റ്. ആന്റണീസ് പാക്കേഴ്സ് | 2nd |
| 15 | എം.ഡി. പാക്കേഴ്സ് | 1st & 2nd |
| 16 | സെന്റ്. റാഫേ® പാക്കേഴ്സ് | 1st & 2nd |
| 17 | കസി® കോ® പ്പറേഷ® | 2nd |
| 18 | ലക്ഷ്മി ടിംബേഴ്സ് ചന്ദ്ര® സോ മി® | 2nd |
| 19 | പി.ജി. ക്രിയേഷ® സ് | 1st & 2nd |
| 20 | ഏഞ്ച® ഗോ® ഡ് & ഓ® ണമെന്റ്സ് | 2nd |
| 21 | ഐശ്വര്യ ഗോ® ഡ് വ® ക്സ് | 1st & 2nd |

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 22 | പുല്ലോക്കാരൻ ഫർണീച്ചർ ഇൻഡസ്ട്രീസ് | 1st & 2nd |
| 23 | പുല്ലോക്കാരൻ ഫർണീച്ചർ | 1st |
| 24 | ദേവകി ദാമോദരൻ സോമിൽ | 1st & 2nd |
| 25 | എവരിഡേ ബേക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 1st |
| 26 | കുടുംബശ്രീ ഓഫീസ് | 1st |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/29.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് നിയമാനുസൃത തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**2.** പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പഞ്ചായത്തുകളിലെ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതലാണ് പ്രാബല്യം. എന്നാൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയപ്പോൾ പുതിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/ ജീവനക്കാരന്റെ പേരു വിവരങ്ങൾ | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് | രസീത് തീയതി |
|---|---|---|---|---|---|---|
| A | കരുണ ചിപ്സ്, പാലക്കൽ | | | | | |
| 1 | പ്രശാന്ത് | 48000 | 450 | 750 | 300 | |
| 2 | ശശി | 48000 | 450 | 750 | 300 | |
| 3 | രാജഗോപാലൻ | 48000 | 450 | 750 | 300 | |
| 4 | ലൈജ | 36000 | 300 | 600 | 300 | |
| 5 | ഭാർഗവി | 36000 | 300 | 600 | 300 | |
| 6 | രാധ | 36000 | 300 | 600 | 300 | |
| B | സ്റ്റാർ ഗോൾഡ് വർക്ക്സ് | | | | | |
| 1 | ജോസ് ജോർജ് | 44900 | 300 | 600 | 300 | 17.02.2025 |
| 2 | ലിജോ ആന്റോ | 44900 | 300 | 600 | 300 | |
| 3 | പ്രശാന്ത് | 44900 | 300 | 600 | 300 | |
| 4 | ഉല്ലാസ് കുമാർ | 44900 | 300 | 600 | 300 | |
| 5 | ബിജോയ് പി.വി. | 44900 | 300 | 600 | 300 | |
| C | ഹൃദയ വുഡ് പാക്കിങ്ങ് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | ബൃഹസ്പതി | 60000 | 600 | 750 | 150 | 28.02.2025 |
| 2 | ശിവനാഥ് | 60000 | 600 | 750 | 150 | |
| 3 | ശേഖ® | 60000 | 600 | 750 | 150 | |
| | ആകെ | | | | 3750 | |

മേ® പട്ടികയിലെ സ്ഥാപന ഉടമക® ക്ക് നോട്ടീസ് ന® കി ജീവനക്കാരി® നിന്നും പരിഷ്കരിച്ച തൊഴി® നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എ® ക്വയറി നം. 23/29.06.2025)

## 1-10 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസ® സ് നൽകൽ-നടപടികളിൽ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. മേ® ചട്ടങ്ങൾ പ്രകാരം ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 100% ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യൂ.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 952 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 25 |
| 3 | ഓഡിറ്റോറിയം | 8 |
| 4 | പൗ® ട്രി/സ്ലോട്ട® /ഫിഷ് സ്റ്റാ® | 6 |
| 5 | ഹോട്ടൽ/ഫുഡ് കോർട്ട് | 17 |
| 6 | സലൂൺ / സ്പാ | 17 |
| 7 | ഓഫീസ് കെട്ടിടങ്ങൾ | 203 |
| | ലോഡ്ജ്/ഹോസ്റ്റ® | 1 |
| ആകെ | | **1229** |

എന്നാ® ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതി® 2024-25 സാമ്പത്തിക വ® ഷത്തി® 468 സ്ഥാപനങ്ങളി® നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസ® സ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

മേ® വിഷയം സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/29.06.2025) മറുപടിയായി ഹരിതമിത്രം ആപ്ലിക്കേഷനി® വിവരങ്ങ® രേഖപ്പെടുത്തിയതി® അപാകങ്ങളുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട പരിശോധനയി® പഞ്ചായത്തി® മേ® പട്ടിക പ്രകാരം കേവലം 529 സ്ഥാപനങ്ങ® മാത്രമാണുള്ളതെന്നും അവശേഷിക്കുന്ന 61 സ്ഥാപനങ്ങ® സംബന്ധിച്ച് ഉട® പരിശോധന നടത്തി നിയമാനുസൃത നടപടിക® സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ആയവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 ലേലം അപാകതക®

ലേല രജിസ്റ്റ® പ്രകാരം സ്ക്രാപ്പ് ലേലം, മണ്ണ് ലേലം എന്നീ ഇനങ്ങളി® ലഭിച്ച തുകയുടെ വിശദാംശങ്ങ® ചുവടെ ചേ® ക്കുന്നു.

| | സ്ക്രാപ്പ് ലേലം | | മണ്ണ് ലേലം | |
|---|---|---|---|---|
| ക്രമ നമ്പർ | രസീത് നമ്പർ / തീയതി | തുക | രസീത് നമ്പർ / തീയതി | തുക |
| 1 | 1240501372/19-08-2024 (EMD) | 1000 | 1240501189/27-07-2024 (EMD) | 1,000 |
| 2 | 1240501371/19-08-2024 | 5,000 | 1240501188/27-07-2024 | 50,000 |
| 3 | 1240501426/ 27-08-2024 | 1,50,000 | 1240501279/07-08-2024 | 1,00,000 |
| 4 | 1240501454/27-08-2024 | 18,000 | 1240501280/07-08-2024 | 69,000 |
| 5 | | | 1240503136/19-11-2024 | 56,800 |
| 6 | | | 1240503370/28-11-2024 | 55,800 |
| 7 | | | 1240504712/14-02-2025 | 1,000 |
| | ആകെ | **1,74,000** | ആകെ | **3,33,600** |

എന്നാൽ വാർഷിക കണക്കിലെ 150120102 - Receipts From Sale Of Scrap, 150120103 – Receipts From Auction Of Obsolete Assets എന്നീ ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചപ്പോൾ സ്ക്രാപ്പ് ലേലം ഇനത്തിൽ 1,68,000 രൂപയും, മണ്ണ് ലേലം ഇനത്തിൽ 3,37,600 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് സ്ക്രാപ്പ് ലേലം ഇനത്തിലെ തുകയിൽ രജിസ്റ്ററും വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ 6,000 രൂപയുടെ വ്യത്യാസം (രജിസ്റ്ററിൽ 6,000 രൂപ കൂടുതൽ), മണ്ണ് ലേലഇനത്തിലെ തുകയിൽ രജിസ്റ്ററും വാർഷികകണക്കിലെ രേഖപ്പെടുത്തലുകളും തമ്മിൽ 4,000 രൂപയുടെ വ്യത്യാസവും (വാർഷിക കണക്കിൽ 4,000 രൂപ കൂടുതൽ) ഉണ്ട്. ഇപ്രകാരം വ്യത്യാസം വരുന്നതിനുള്ള കാരണം ചുവടെ ചേർക്കുന്നു.

1) സ്ക്രാപ്പ് ലേലം ഇനത്തിൽ ലഭിച്ച ക്രമനമ്പർ 2-ലെ 5,000 രൂപ തെറ്റായി മണ്ണ് ലേല ഇനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തി.

2) സ്ക്രാപ്പ് ലേലം ഇനത്തിൽ ലഭിച്ച 1,000 രൂപയുടെ EMD വരവിനമായി വാർഷികകകണക്കിൽ ക്രമീകരിച്ചിട്ടില്ല.

3) മണ്ണ് ലേലം ഇനത്തിൽ ലഭിച്ച 1,000 രൂപയുടെ EMDയും വരവിനമായി വാർഷികകകണക്കിൽ ക്രമീകരിച്ചിട്ടില്ല.

2025-26 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് തുക ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻ ക്വയറി (നം. 26/30.06.2025)

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി സഞ്ചയ പ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ നികുതി പിരിച്ചെടുത്തിട്ടില്ല. ടെലഫോൺ ടവറിന്റെ വസ്തു നികുതി, കുടിശ്ശികയിനത്തിൽ 2024-25 സഞ്ചയ പ്രകാരം 51,816 രൂപ പിരിച്ചെടുക്കാനുണ്ട്.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമ/ സ്ഥാപനം | അടവാക്കേണ്ട കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 3 | 326 | റിലയൻസ് ടവർ | 2013 ആദ്യ അർദ്ധവർഷം മുതൽ 2024 രണ്ടാം അർദ്ധവർഷം വരെ | 51,816 |

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/29.06.2025) മറുപടിയായി മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശക സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക തുകയായ 51,816 രൂപ പിഴപലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്തിട്ടില്ല.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ

സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 235 എ എ (1) വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, വകുപ്പ് 203, ഉപവകുപ്പ് 2-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് കെട്ടിടം ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിവരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി നിർമ്മിച്ച താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി മേ® പ്പറഞ്ഞപ്രകാരം നിർണ്ണയിച്ചുവെങ്കിലും കുടിശ്ശികയിനത്തിൽ 2024-25 വരെയുള്ള കാലയളവി® സഞ്ചയ പ്രകാരം 89304 രൂപ പിരിച്ചെടുക്കാനുണ്ട്.

| വാ® ഡ്/ കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ആകെ വിസ്തീ® ണ്ണം | ഉപയോഗക്രമം | അടവാക്കേണ്ട കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 14/9A (UA) | മനോജ് & ടി® സി പേരോത്ത് വീട്,ചെറുവത്തേരി | 171.68 | വാണിജ്യാവശ്യം | 2022- 1st Half മുത® 2024 2nd Half വരെ | 89304 |

മേ® അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/30.06.2025) മറുപടിയായി ടി അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക® സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവ® ത്തിക്കുന്ന 14/9A (UA) എന്ന അനധികൃത കെട്ടിടം ക്രമവ® ക്കരിക്കുകയോ, പൊളിച്ചുനീക്കുകയോ ചെയ്യുന്നതുവരെ ടി കെട്ടിടത്തിന്റെ വസ്തുനികുതി കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി രേഖക® ഓഡിറ്റി® ഹാജരാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പരിഷ്കരണം- ഫീൽഡ് വെരിഫിക്കേഷൻ നടത്തിട്ടില്ല

ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി പരിഷ്കരണം നടത്തുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ) നം. 77/2023/ത.സ്വ.ഭ.വ. തീയതി 22.03.2023 പ്രകാരം മാർഗ്ഗനിർദേശങ്ങൾ നൽകിയിരുന്നു. വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നി® ണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറ വിസ്തീ® ണ്ണത്തിലോ, ഉപയോഗക്രമത്തിലോ, ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ, അല്ലെങ്കി® സ്വയം സംഭവിക്കുന്ന ഏതൊരു മാറ്റവും പരിശോധിക്കുന്നതിനും അത്തരം കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പരിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും മേൽ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തി® വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമാക്കുന്നതിനായി കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. മേ® വിഷയവുമായി ബന്ധപ്പെട്ട് ന® കിയ ഓഡിറ്റ് എ® ക്വറിയ്ക്ക് (നം. 22/29.06.2025) മറുപടിയായി കെട്ടിടങ്ങളുടെ ശരിയായ വിവരം ശേഖരിച്ച് സോഫ്റ്റ് വെയറി® ചേ® ക്കുന്നതിന് ഓവ® സീയ® നിയമനത്തിനായി അപേക്ഷ ക്ഷണിച്ച് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും അപേക്ഷക® ആരും തന്നെ ഹാജരാകത്തതിനാ® തുട® നടപടി സ്വീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീ® ഡ്തല പരിശോധന നടത്തുന്നതിനുള്ള വേതന നിരക്ക് വികേന്ദ്രീകൃതാസൂത്രണ കോ-ഓ® ഡിനേഷ® സമിതിയുടെ 06.06.2024 തീയതിയിലെ 3.12 നമ്പ® തീരുമാന പ്രകാരം, 100 സ്ക്വയ® മീറ്റ® വരെ വിസ്തീ® ണ്ണമുള്ള കെട്ടിടങ്ങ® ക്ക് 50 രൂപയായും, 100 സ്ക്വയ® മീറ്റ® മുത® 300 സ്ക്വയ® മീറ്റ® വരെ വിസ്തീ® ണ്ണമുള്ള കെട്ടിടങ്ങ® ക്ക് 60 രൂപയായും 300 സ്ക്വയ® മീറ്ററി® കൂടുത®

വിസ്തീ® ണ്ണമുള്ള കെട്ടിടങ്ങ® ക്ക് 75 രൂപയായും ഉയ® ത്തിയിട്ടുണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തി® തദ്ദേശ സ്വയം ഭരണവകുപ്പുമായി ബന്ധപ്പെട്ട് തുട® നടപടിക® സ്വീകരിച്ച് വസ്തുനികുതി പരിഷ്കരണ മാ® ഗ്ഗനി® ദേശങ്ങ® സമ്പൂ® ണ്ണ അടിസ്ഥാനത്തി® നടപ്പിലാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക® സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - കരാർ വ്യവസ്ഥകൾ കാലാനുസൃതമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കോൺട്രാക്ടർമാരുമായി ഏർപ്പെട്ട കരാറുകൾ പരിശോധിച്ചതിൽ താഴെ കാണും പ്രകാരം അപാകതകൾ കാണുന്നു.

1. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല.

2. തദ്ദേശ സ്ഥാപനങ്ങളിൽ 2014-15 മുതൽ CPWD സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയുള്ള ഡെൽഹി അനാലിസിസ് ഓഫ് റേറ്റ്, ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് എന്നിവ ബാധകമാക്കിയിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പ്രവൃത്തി നിർവ്വഹണത്തിന് MORD സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. എന്നാൽ കരാറിലെ വ്യവസ്ഥ 4-ൽ വരുന്ന നിബന്ധനകൾ കേരള ഡീറ്റെയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. കരാർ വ്യവസ്ഥ രണ്ടിൽ പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവര പട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും പ്രവൃത്തി പൂർത്തീകരിക്കുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തന കലണ്ടർ, പ്രവൃത്തി വിവര പട്ടിക എന്നിവ കരാറിന്റെ ഭാഗമാക്കുന്നില്ല.

4. കരാറിലെ 7 വ്യവസ്ഥയിൽ 2012-ലെ പുതുക്കിയ KPWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. മാന്വൽ പ്രകാരവും സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിലെ പൊതു വ്യവസ്ഥകൾ പ്രകാരവും ഉള്ള പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകളും, ദീർഘിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് 50% ആണ് എന്നുള്ളതും ഉൾപ്പെടുത്തിയിട്ടില്ല.

കാലഹരണപ്പെട്ട വ്യവസ്ഥകൾക്ക് പകരമായി നിലവിൽ ബാധകമായ വ്യവസ്ഥകൾ കരാറിലുൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.20/28.06.2025)

## 1-16 ചെടിച്ചട്ടി വിതരണം - സ® ക്കാ® ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 301/25 - വനിതാ ക® ഷക ഗ്രൂപ്പുക® ക്ക് എച്ച്.ഡി.പി.ഇ. ചട്ടിക® വിതരണം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 45000 | 0 |
| ഗുണഭോക്തൃവിഹിതം | 15000 | 15000 |
| വൗച്ചർ നമ്പർ/തീയതി, തുക | 42401234/25.03.2025--15,000 | |

മേ® പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കളി® നിന്ന് 25% ഗുണഭോക്തൃ വിഹിതം ഈടാക്കി 25 ചെടിച്ചട്ടിക® ഉ® പ്പെടുന്ന ഓരോ യൂണിറ്റ് വീതം 12 യൂണിറ്റുകൾ ചേർപ്പ് ബ്ലോക്ക് കൃഷിശ്രീ സെന്ററി® (ബി® നം. 357 തീയതി 22.03.2025) നിന്നും വാങ്ങി 12 വനിതാ ക® ഷക ഗ്രൂപ്പുക® ക്ക് വിതരണം നടത്തിയിട്ടുണ്ട്. പോട്ടിംഗ് മിശ്രിതം നിറച്ച ഒരു ചെടിച്ചട്ടിക്ക് 200 രൂപയാണ് വില. അതിൽ 15,000 രൂപ ഗുണഭോക്തൃ വിഹിതവും 45,000 രൂപ സബ്സിഡിയുമാണ്. ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 15,000 രൂപ ചേർപ്പ് ബ്ലോക്ക് കൃഷിശ്രീ സെന്ററിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിതുകയായ 45,000 രൂപ നൽകാനായി ശേഷിക്കുന്നുണ്ട്. 2025-26 വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നുണ്ട്.
പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

എച്ച്.ഡി.പി.ഇ. ചെടിച്ചട്ടികൾ മാർഗ്ഗരേഖ പ്രകാരമുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച്, പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി വിതരണം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ.ഉ. (സാധാ) നം.2854/2022/ എൽ.എസ്.ജി.ഡി. തീയതി: 18.11.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 30.10.2023-ലെ സ.ഉ. (സാധാ) നം.2118/2023/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം എച്ച്.ഡി.പി.ഇ ചട്ടികൾ വാങ്ങുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ചെടിച്ചെട്ടികൾ വിർജിൻ മെറ്റീരിയൽ ആയിരിക്കണം, അൾട്രാ വയലറ്റ് പ്രൊട്ടക്ഷൻ ഉണ്ടായിരിക്കണം, FSSAI സ്റ്റാൻഡേർഡ് പ്രകാരം പ്രകൃതി സൗഹാർദ്ദമാണെന്ന് സാക്ഷ്യപ്പെടുത്തണം, 5 വർഷം വാറന്റി ഉണ്ടായിരിക്കണം, അത് ഉറപ്പുവരുത്തുന്നതിന് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയുടെ വിവരങ്ങളും, ഉൽപ്പാദിപ്പിക്കുന്ന മാസം, വർഷം എന്നിവ ചട്ടികളിൽ ആലേഖനം ചെയ്തിരിക്കണം, ചെടിച്ചട്ടികൾക്ക് 10 ഇഞ്ച് ഉയരം, 10-12 ഇഞ്ച് ഡയാമീറ്റർ, കനം 5മി.മി., തൂക്കം 450 ഗ്രാം എന്നിങ്ങനെ ഉണ്ടായിരിക്കണം എന്നിങ്ങനെയുള്ളവയാണ് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ. ചേർപ്പ് ബ്ലോക്ക് കൃഷിശ്രീ സെന്റർ ഹാജരാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചതായി നിർവഹണഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിട്ടില്ല. ഇപ്രകാരം ചട്ടികൾ വാങ്ങി വിതരണം നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/01.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് മുൻകൂർ നൽകിയെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| പ്രോജക്ട് നം./ പേര് | 255/25- കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രത്തിലും രോഗ നിർണ്ണയ സംവിധാനം ഒരുക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹8,34,000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹4,05,017 |

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 4,05,017 രൂപ ചെലവഴിച്ചതിൽ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. തൃശ്ശൂർ ഇലക്ട്രിക്കൽ വിഭാഗത്തിൽ 1,76,359 രൂപ (വൗച്ചർ നം.42400983/25-01-2025) എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും എയർ കണ്ടീഷണർ സ്ഥാപിച്ചിട്ടില്ല. ആകയാൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (16/27.06.2025) ക്ക് മറുപടിയായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. എയർ കണ്ടീഷണർ സ്ഥാപിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പി.എച്ച്.സി.യിലേക്ക് CCTV ക്യാമറ വാങ്ങി സ്ഥാപിക്കൽ - നാളിതുവരെയും പദ്ധതി നടപ്പിലായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. |
| പ്രോജക്ട് നം./ പേര് | 252/25- പി എച്ച് സി യിലേക്ക് CCTV ക്യാമറ വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ | ₹89,000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹89,000 (വൗച്ചർ നം.42401581/10.03.2025) |

പി.എച്ച്.സി. യിലേക്ക് CCTV ക്യാമറ വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം CCTV സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 89,000 രൂപ മുൻകൂറായി പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ-ന്

ബാങ്ക് മുഖേന (അക്കൗണ്ട് നം. 120028120721) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ക്യാമറ സ്ഥാപിച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (11/27.06.2025) ക്ക് മറുപടിയായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. CCTV സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂർ നൽകിയതിൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി എച്ച് സി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയതിന്റെയും മരുന്നുകൾ ലഭ്യമായതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പരും പേരും | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി, തുക | തുക (ഫണ്ടിനം) | വൗച്ചർനം./ തീയതി, തുക | ലഭ്യമായ മരുന്നുകളുടെ മൂല്യം (ഇൻവോയ്സ് നം./ തീയതി, തുക) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|---|
| 1 | 57/25- പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ 2024-25 | 1)PRF559/ 10.07.2024- ₹100,000<br>2)PRF548/ 09.07.2024- ₹98,737 | 1,98,737 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | 42401402/ 14.08.2024- ₹1,98,737 | ₹172172 (1160/26.11.2024- ₹12,950, 1593/18.01.2025- ₹42,588, 2234/26.03.2025- ₹4,032, 155/19.04.2025-₹5,443, 331/02.05.2025-₹8,422) (1434/06.01.2025- ₹48,153, 2231/26.03.2025- ₹42131, 163/21.04.2025-₹8453) | 26,565 |
| | | PRF2528/ 17.12.2024- ₹3,00,000 | 3,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 42401499/ 27.12.2024- ₹3,00,000 | മരുന്നുകൾ ലഭ്യമായില്ല | 3,00,000 |
| | | PRF3116/ 22.01.2025- ₹1,40,000 | ₹1,40,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 42401537/ 03.02.2025 -₹1,40,000 | മരുന്നുകൾ ലഭ്യമായില്ല | 1,40,000 |
| 2 | 250/25- പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ 2023-24 (സ്പിൽ ഓവർ) | PRF4629/ 01.03.2024- ₹1,73,590 | 1,73,590 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 42401421/ 04.09.2024- ₹1,73,590 | മരുന്നുകൾ ലഭ്യമായില്ല | 1,73,590 |
| 3 | 52/25 - പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനം | PRF549/ 09.07.2024- ₹1,50,000 | 1,50,000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 42401438/ 16.10.2024- ₹1,50,000 | മരുന്നുകൾ ലഭ്യമായില്ല | 1,50,000 |
| | | PRF3111/ 22.01.2025- | 3,00,000 (ജില്ലാ | 42401529/ 24.01.2025- | മരുന്നുകൾ ലഭ്യമായില്ല | 1,77,539 |

| | | | | | |
|---|---|---|---|---|---|
| | ₹1,77,539 | | | | |
| | PRF3639/ 13.02.2025- ₹63,027 | പഞ്ചായത്ത് വിഹിതം) | ₹3,00,000 | മരുന്നുകൾ ലഭ്യമായില്ല | 63,027 |
| | PRF3228/ 27.01.2025- ₹59,434 | | | മരുന്നുകൾ ലഭ്യമായില്ല | 59,434 |

ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.19/28.06.2025) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് അവ സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-20 വരൾച്ച-കുടിവെള്ള വിതരണം 2024-25-വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് ആധികാരികമായി രേഖപ്പെടുത്തിയിട്ടില്ല-രേഖകളുടെ അഭാവത്തിൽ 2,33,208 രൂപ തടസ്സത്തിൽ വയ്ക്കുന്നു**

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | വരൾച്ച-കുടിവെള്ള വിതരണം 2024-25<br>പ്രൊജക്ട് നം. 16/25 |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറിയുടെ അധിക ചുമതല) |
| അടങ്കൽ | 2,33,208 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 2,33,208<br>Vr.No.42401377/29.07.2024 |

അവിണിശ്ശേരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 23.02.2024-ാം തിയ്യതിയിൽ ടെണ്ടർ പരസ്യം നല്കുകയും ടെണ്ടറിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ (1000 ലിറ്ററിന് 492 രൂപ) ശ്രീ. മനോജ്കുമാർ, അമൂല്യ വാട്ടർ സപ്ലൈ വൈക്കാട്ടിൽ വീട്, ഇരവിമംഗലം എന്ന വ്യക്തിയുടെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 11.03.2024 തിയ്യതിയിലെ 2 (1) -ാം നമ്പർ കമ്മിറ്റി തീരുമാനം അംഗീകരിക്കുകയും ചെയ്തു. 11.04.2024 തിയ്യതിയിൽ പഞ്ചായത്തുമായി ശ്രീ. മനോജ്കുമാർ കരാറിൽ ഏർപ്പെട്ടു. (കരാർ തിയ്യതി ഇല്ല) കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം 16.04.2024 മുതൽ 20.05.2024 വരെയാണ് വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ ക്വട്ടേഷൻ നിബന്ധന 10 പ്രകാരം കുടിവെള്ളം ലഭിച്ച 3 ഗുണഭോക്താക്കൾ, വാർഡ് മെമ്പർ, പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ പ്രതിനിധി എന്നിവർ കുടിവെള്ളം വിതരണം ചെയ്തതിന്റെ അളവ് സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന പാലിച്ചതായി കാണുന്നില്ല. വിവിധ വാർഡു മെമ്പർമാർ വിവിധ ദിവസങ്ങളിൽ വാർഡുകളിൽ ടാങ്കർ ലോറിയിൽ വെള്ളം വിതരണം ചെയ്തു എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ദിവസവും വാർഡുകളിൽ എത്ര ലിറ്റർ വെള്ളം വിതരണം ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടില്ല. കരാറിൽ ക്രമ നം. 3 പ്രകാരം വാട്ടർ അതോറിറ്റി സ്രോതസ്സിൽ നിന്നല്ലാതെ ജലമെടുക്കുകയാണെങ്കിൽ കുടിവെള്ളത്തിന്റെ സ്രോതസ്സ് കരാറുകാരൻ കണ്ടെത്തണമെന്നും ആയത് മുൻകൂടി പഞ്ചായത്തിനെ രേഖാമൂലം അറിയിക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന റിപ്പോർട്ട് ഉണ്ടെങ്കിലും വെള്ളം എവിടെ നിന്നും ശേഖരിച്ചു വെന്ന് വ്യക്തമല്ല. ഓരോ വാർഡുകളിലും വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് ആധികാരികമായി ലഭിക്കാതെ കുടിവെള്ള വിതരണത്തിന് കരാറുകാരന് തുക നല്കിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ (ഓഡിറ്റ് എൻക്വയറി നം. 7/26.06.2025) ഓഡിറ്റ് എൻക്വയറിയ്ക്ക് 28.06.2025 തിയ്യതിയിൽ ലഭിച്ച മറുപടിയിൽ പ്രൊജക്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിനു മുമ്പാകെ ഹാജരാക്കുമെന്ന് അറിയിച്ചു. രേഖകളുടെ അഭാവത്തിൽ 2,33,208 രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

**1-21 സ്നേഹധാര- കിടപ്പുരോഗികൾക്കായുള്ള മരുന്ന് വാങ്ങൽ - മുൻകൂർ നൽകിയ തുകയ്ക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്ക® ഓഫീസ® , ആയുർവേദം |
| പ്രോജക്ട് നമ്പർ / പേര് | 55/25- സ്നേഹധാര- കിടപ്പുരോഗികൾക്കായുള്ള മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹2,00,000 (വൗച്ചർ നം./തീയതി 42401477/18-12-2024) |
| പ്രൊഫോ® മ ഇ® വോയ്സ് നം./തീയതി, തുക | 225701/20.12.2024, ₹2,00,000 |

പ്രസ്തുത പദ്ധതിയി® മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക് പ്രഫോർമ്മ ഇൻവോയ്സ് ലഭിക്കുന്നതിനു മുമ്പേ തന്നെ 2,00,000 രൂപ മു® കൂറായി ന® കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ പ്രഫോർമ്മാ ഇൻവോയ്സ് ലഭിച്ചതിനു ശേഷമേ മുൻകൂർ നല്കാവൂ. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങ® ചുവടെ ചേ® ക്കുന്നു.

| ക്രമ നം. | ഇ® വോയ്സ് നം./തീയതി | തുക (₹) |
|---|---|---|
| 1 | 90369391/17.01.2025 | 1,22,129 |
| 2 | 90375701/26.02.2025 | 25,548 |
| 3 | 90380778/29.03.2025 | 49,111 |
| | ആകെ | 1,96,788 |

ശേഷിക്കുന്ന 3,212 രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.09/26.06.2025 )

**1-22 മാലിന്യ സംസ്കരണം-ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-1,22,000 രൂപ നല്കിയതിന്റെ Weigh Bridge രശീതി ഹാജരാക്കേണ്ടതാണ്**

| | |
|---|---|
| പദ്ധതിയുടെ പേരും പ്രൊജക്ട് നമ്പരും | മാലിന്യ സംസ്കരണം - ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2,50,000 (വികസന ഫണ്ട് (ജനറൽ)<br>3,50,000 (തനതു ഫണ്ട്)<br>6,00,000 |
| ചെലവ് | 2,50,000 (വികസന ഫണ്ട് (ജനറൽ)<br>1,43,930 (തനതു ഫണ്ട്)<br>3,93,930 |

മേൽ പദ്ധതി പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് 3,93,930 രൂപ ചെലവു വന്നിട്ടുണ്ട്. മാലിന്യം നീക്കുന്നതിന് 2,71,930 രൂപ നല്കിയ Weigh Bill ഫയലിൽ നിന്നും ലഭ്യമാണ്. എന്നാൽ ക്ലീൻ കേരള കമ്പനിയുടെ Invoice No.D23/23-24/1413 പ്രകാരം 12,200 കിലോ ഗ്രാം അജൈവ മാലിന്യം എടുത്തതിന് കിലോ ഗ്രാമിന് 10 രൂപ നിരക്കിൽ 1,22,000 രൂപ നല്കിയതിന്റെ (വൗച്ചർ നം. 42401377/29.07.24) Weigh

Bill ലഭ്യമല്ല. 1,22,000 രൂപ നല്കിയതിന് ഉത്തരവാദിയായ സെക്രട്ടറിയുടെ പേരും മേൽ വിലാസവും, ഇ-മെയിൽ വിലാസവും ഫോൺ നമ്പറും Weigh Bill-ലും കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/27.06.25) മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 വർക്കിംഗ് ഗ്രൂപ്പ് ചുമതലാ നിർവഹണം കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.84/2022/തസ്വഭവ. തീയതി 19-04-2022 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിക® തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.1.2-ൽ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പുന:സംഘടന, ചുമതലകൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുൻപ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്. ഗ്രാമപഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

**1.** വർക്കിംഗ് ഗ്രൂപ്പ് – ക്വാറം തികയാതെ യോഗം ചേരുന്നു

വർക്കിംഗ് ഗ്രൂപ്പിന്റെ ക്വോറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് ക്വാറം ഇല്ലാതെയാണ് യോഗം ചേർന്നിട്ടുള്ളത്. കൂടാതെ അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം | യോഗം ചേർന്ന തിയതി | യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 17 | 17.12.2024 | 2 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 2 | കൃഷി | 16 | 17.12.2024 | 4 | - |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 17 | 17.12.2024 | 3 | - |
| 4 | പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിട വ്യവസായം | 16 | 17.12.2024 | 2 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 5 | ദാരിദ്ര ലഘൂകരണം | 17 | 17.12.2024 | 3 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 6 | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, മുതലായവ) | 15 | 17.12.2024 | 8 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 7 | സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം | 18 | 17.12.2024 | 7 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 8 | പട്ടികജാതി വികസനം | 17 | 17.12.2024 | 4 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 9 | ആരോഗ്യം | 14 | 17.12.2024 | 8 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 10 | കുടിവെള്ളം, ശുചിത്വം മുതലായവ | 16 | 17.12.2024 | 3 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | 18 | 17.12.2024 | 3 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്തിട്ടില്ല. |
| 12 | പൊതുമരാമത്ത് | 16 | 17.12.2024 | 2 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |
| 13 | ജൈവവൈവിധ്യ മാനേജ്മെന്റ്, | 16 | 17.12.2024 | 1 | അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. |

**2.** മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല

വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതാണ്. എന്നാൽ മിനിട്സ്, പ്രോജക്റ്റുകൾ എന്നിവ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**3.** ഗ്രാമസഭാ യോഗത്തിൽ പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നില്ല

ഗ്രാമസഭയിൽ അച്ചടിച്ച നൽകുന്നതിനാവശ്യമായ വിവരങ്ങളും (ഫോറം 4, 5, 6) പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കേണ്ടതും ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ® തയ്യാറാക്കി ഏറ്റവുമാദ്യം നടക്കുന്ന ഗ്രാമസഭാ യോഗത്തിൽത്തന്നെ അവതരിപ്പിക്കേണ്ടതുമാണ്. മിനിട്സ് പരിശോധിച്ചതിൽ മേൽ വിവരങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിച്ചതായി കാണുന്നില്ല.

**4.** പ്രോജക്റ്റ് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുന്നില്ല.

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്റ്റുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതും ഗ്രാമസഭായോഗത്തിൽ ചർച്ചയ്ക്ക് നൽകേണ്ട പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നവയാണ്. എന്നാൽമിനിട്സ് പരിശോധിച്ചതിൽ ഇത്തരം നിർദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

**5.** വർക്കിംഗ് ഗ്രൂപ്പ് - ചുമതലാനിർവ്വഹണം

സ.ഉ.(കൈ) നം.84/2022/തസ്വഭവ. തീയതി 19-04-2022 വാർഷിക പദ്ധതിക® തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.1.2-ൽ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.

1. അവസ്ഥാരേഖയേയും വികസന രേഖയേയും അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ഫോറം 6-ൽ തയ്യാറാക്കേണ്ടതും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക,

2. ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക.

അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ തയ്യാറാക്കേണ്ടതുണ്ട്. അതിനാ® ഈ രണ്ടു ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ 2024-25 വർഷത്തിൽ 17.12.2024 തിയതിയിൽ ഒരു പ്രാവശ്യം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേർന്നിട്ടുള്ളത്. മേൽ വിഷയങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.13/27.06.25) മറുപടി ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഗ്രാമസഭ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ്, നിയമം 3 എ, ബി-യിൽ ഗ്രാമസഭയുടെ ചുമതലകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ ഗ്രാമസഭയിൽ വിശദമായി ചർച്ച ചെയ്യേണ്ടതാണ്.

1. ആ നിയോജകമണ്ഡലത്തെ സംബന്ധിച്ച മു® വ® ഷത്തെ വികസനപരിപാടികളെയും നടപ്പുവ® ഷത്തി® ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികളെയും അതിനുവേണ്ടിവരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോ® ട്ടും മു® വ® ഷത്തെ വാ® ഷിക കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റും ഭരണനി® വ്വഹണത്തിന്റെ ഒരു റിപ്പോ® ട്ടും ഒരു വ® ഷത്തിലെ ആദ്യയോഗത്തി® ഗ്രാമസഭ മു® പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തി® നടപ്പിലാക്കാ® കഴിഞ്ഞില്ലെങ്കി® , അദ്ധ്യക്ഷ® അതിനുള്ള കാരണം ഗ്രാമസഭയി® റിപ്പോ® ട്ട് ചെയ്യേണ്ടതാണ്.

2. ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാ® ഉദ്ദേശിക്കുന്ന പ്രവ® ത്തികളെ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങ® ശേഖരിക്കുക;

3. അടുത്ത മൂന്നുമാസങ്ങളി® ബന്ധപ്പെട്ട ഉദ്യോഗസ്ഥ® അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവ® ത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക;

4. ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യുക്തി അറിയുക;

5. ഗ്രാമസഭയുടെ പരിഗണനയ്ക്കു വരുന്ന ആഡിറ്റ് റിപ്പോ® ട്ടിനെക്കുറിച്ചോ പെ® ഫോമ® സ് ആഡിറ്റ് റിപ്പോ® ട്ടിനെക്കുറിച്ചോ യോഗത്തി® ച® ച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാ® ശകളും നി® ദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്.

എന്നാൽ മിനിറ്റ്സ് പരിശോധിച്ചതിൽ ഗ്രാമസഭയിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്തതായി കാണുന്നില്ല.

മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അവിണിശ്ശേരി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളുടെയും സമ്മതിദായകരുടെ എണ്ണം, ഗ്രാമസഭാ മിനിറ്റ്സ് എന്നിവ പരിശോധനയ്ക്കായി ആവശ്യപ്പെട്ടതിൽ വാർഡ് നമ്പർ 3, 5, 8, 9, 11, 13 എന്നിവയുടെ മിനിട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. കൂടാതെ വാർഡിലെ സമ്മതിദായകരുടെ എണ്ണം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമസഭ യോഗം -സമയപരിധി പാലിക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ്, നിയമം 3 (3) പ്രകാരം ഗ്രാമസഭ, കുറഞ്ഞപക്ഷം മൂന്നു മാസത്തി® ഒരിക്കലെങ്കിലും ഗ്രാമസഭയുടെ ക® വീന® ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതാണ്. എന്നാൽ ഗ്രാമസഭ യോഗം കൂടുന്നതിൽ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം | ഗ്രാമസഭ കൂടിയ തിയതികൾ | റിമാർക്സ് |
|---|---|---|
| 1 | 2024 ജനവരി 24<br>2024 സെപ്റ്റംബർ 8<br>2025 ജനവരി 5<br>2025 മെയ് 25 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 25 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 2 | 2023 ഡിസംബർ 19<br>2024 സെപ്റ്റംബർ 12 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 10 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |

| | | |
|---|---|---|
| | 2025 ജനവരി 10<br>2025 മെയ് 10 | |
| 4 | 2023 ഡിസംബർ 16<br>2024 സെപ്റ്റംബർ 9<br>2025 ജനവരി 6<br>2025 മെയ് 23 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 23 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 6 | 2023 ഡിസംബർ 17<br>2024 സെപ്റ്റംബർ 7<br>2025 ജനവരി 5<br>2025 മെയ് 25 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 25 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 7 | 2023 ഡിസംബർ 16<br>2024 സെപ്റ്റംബർ 5<br>2025 ജനവരി 11<br>2025 മെയ് 24 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 24 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 10 | 2023 ഡിസംബർ 18<br>2024 സെപ്റ്റംബർ 12<br>2025 ജനവരി 9<br>2025 മെയ് 25 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 25 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 12 | 2023 ഡിസംബർ 17<br>2024 സെപ്റ്റംബർ 8<br>2025 ജനവരി 5<br>2025 മെയ് 25 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 25 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |
| 14 | 2023 ഡിസംബർ 16<br>2024 സെപ്റ്റംബർ 9<br>2025 ജനവരി 6<br>2025 മെയ് 23 | മിനിറ്റ്സ് പൂർണ്ണമല്ല. 2025 മെയ് 23 ന് ചേർന്ന ഗ്രാമസഭയുടെ മിനിട്ട്സ് എഴുതിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് നമ്പർ 3,5,8,9,11,13 എന്നിവയുടെ മിനിട്ട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധയുടെ പേരും പ്രൊജക്റ്റ് നമ്പറും | അടങ്കൽ | ചെലവ് | നൽകിയ സ്ഥാപനം | ഓഡിറ്റ് എൻക്വയറി നമ്പറും തിയ്യതിയും |
|---|---|---|---|---|---|
| 01 | എസ്.എസ്.കെ വിഹിതം നല്കൽ-എസ്.സി. പ്രൊജക്റ്റ് നം. 3/25 | 1,00,000 വികസന ഫണ്ട് - എസ്.സി.പി. | 1,00,000 (Vr.No.42401487/ 23.12.24) | ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള | നം.3/25 തിയ്യതി 24.06.25 |
| 02 | എസ്.എസ്.കെ വിഹിതം നല്കൽ-ജനറൽ പ്രൊജക്റ്റ് നം. 2/25 | അടങ്കൽ 1,46,797 വികസന ഫണ്ട് - ജനറൽ | ചെലവ് 1,46,797 (Vr.No.42401486/ 23.12.24) | ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്റർ, സമഗ്ര ശിക്ഷാ കേരള | നം.4/25 തിയ്യതി 24.06.25 |
| 03 | ബഡ്സ് സ്കൂൾ ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ പ്രൊജക്റ്റ് നം. 161/25 | 1,50,000 വികസന ഫണ്ട് (ജനറൽ) | 1,50,000 (Vr.No.42401389/ 09.08.24) | അന്തിക്കാട് ബ്ലോക്കിന് വിഹിതം നൽകുന്നത് | നം.4/25 തിയ്യതി 24.06.25 |
| 04 | ബഡ്സ് സ്കൂൾ ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ പ്രൊജക്റ്റ് നം. 31/25 | 1,50,000 വികസന ഫണ്ട് (ജനറൽ) | 1,24,334 Vr.No.42401507/ 03.01.25) | അന്തിക്കാട് ബ്ലോക്കിന് വിഹിതം നൽകുന്നത് | നം.4/25 തിയ്യതി 24.06.25 |
| 05 | ഐ.കെ.എം. മെമ്പർഷിപ്പ് ഫീസ് പ്രൊജക്റ്റ് നം. 1/25 | 63,795 (വികസന ഫണ്ട് - ജനറൽ) | 63,795 42401485/ 23.12.24 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം | നം.5/25 തിയ്യതി 24.06.25 |

## **1-26** യോഗ തീരുമാനം - യഥാസമയം അംഗീകാരം വാങ്ങിക്കുന്നില്ല

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന് സമർപ്പിക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തെ ഏതാനും യോഗം ചേർന്നതിന്റെയും മിനിട്ട്സ് പരിശോധിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് മിനിട്ട്സ് അംഗീകരിച്ച തീയതി |
|---|---|---|
| 30.04.24 | 05.06.24 | 05.06.24 |
| 27.05.24 | 03.10.24 | 03.10.24 |
| 14.06.24 | 14.08.24 | 14.08.24 |
| 08.07.24 | 04.10.24 | 04.10.24 |
| 06.08.24 | 03.12.24 | 03.12.24 |
| 24.08.24 | 04.12.24 | 04.12.24 |
| 07.11.24 | 29.01.25 | 29.05.25 |
| 11.03.25 | 09.05.25 | 09.05.25 |

ഭരണസമിതി യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 21/30.06.2025) ലഭിച്ച മറുപടിയിൽ പഞ്ചായത്ത് രാജ് ചട്ട പ്രകാരമുള്ള സമയത്തിനകം യോഗ മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരം വാങ്ങുമെന്നറിയിച്ചു. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റ അംഗീകാരം വാങ്ങേണ്ടതാണ്.

**1-27 ആയുഷ് എൻ എച്ച് എം ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നു വാങ്ങൽ- മുൻകൂർ നൽകിയ തുകയ്ക്ക് നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭ്യമായില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ഹോമിയോ |
| പ്രോജക്ട് നം./ പേര് | 41/25- ആയുഷ് എൻ എച്ച് എം ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും |
| അടങ്കൽ | ₹3,50,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹3,50,000 (വൗച്ചർ നം. 42401444/23.10.2024) |
| പ്രൊഫോർമ ഇൻവോയ്സ് നം./ തീയതി | PF-72/16.07.2024 |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി HOMCO യ്ക്ക് മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം 3,50,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ 1,58,758 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| LF-2853/08.03.2025 | 1,58,758 |

ശേഷിക്കുന്ന 1,91,242 രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.10/27.06.2025 )

**1-28 ജൽ ജീവൻ മിഷൻ-അവലോകനം**

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ. (കൈ) നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല

ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 3113 ഗാർഹിക കുടിവെള്ള കണക്ഷനുകൾനൽകുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 400 കണക്ഷനുകൾ നൽകുന്നതിന്. 85,00,000 രൂപയും രണ്ടാം ഘട്ടത്തിൽ 2713 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് 15,52,00,000/- രൂപയും ഉൾപ്പെടെ 16,37,00,000 രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ 25.11.2021 തിയ്യതിയിൽ 7/21-22 നമ്പറായി ഗ്രാമപഞ്ചായത്തും KWA-യും ISA-യുമായും Implementation Support Agency ആയ Socio Economic Unit Foundation മായും ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. ജലജീവൻ മിഷന്റെ Operational Guidelines ഉം Payment Obligation ഉം സംബന്ധിച്ച Annexure A മാത്രമേ കരാറിന്റെ ഭാഗമായി ചേർത്തുകാണുന്നുള്ളു. കരാർ പ്രകാരമുള്ള ISA യുടെ പ്രവർത്തനങ്ങൾ കരാർ തിയ്യതി മുതൽ 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. നിർവ്വഹണ സഹായ ഏജൻസിയായ SEUF നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ത്രികക്ഷി കരാറിലേർപ്പെടുമ്പോൾ JJM (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തി നടത്തേണ്ട റോഡുകളുടെ പേര്, പൈപ്പിടുന്നതിന് കുഴിക്കുന്ന നീളം, റിസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് തുടങ്ങിയ വിവരങ്ങൾ അനുബന്ധമായി ചേർക്കണമെന്നിരിക്കെ ഇത്തരം വിവരങ്ങൾ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല. KWA, RBI (Rebuild Kerala Initiative) എന്നിവ മുഖേന നടത്തുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നത് സംബന്ധിച്ചും ഗ്രാമപഞ്ചായത്ത് മുഖേന പദ്ധതിവിഹിതം ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിൽ സമയബന്ധിതമായി തുക അനുവദിക്കുന്നത് സംബന്ധിച്ചും കരാറിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

ആദ്യഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡുകൾ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് RoW SUGAMA പോർട്ടൽ വഴി KWA സമർപ്പിച്ച അപേക്ഷകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പൈപ്പിടുന്നതിനായി കുഴിക്കുന്ന റോഡുകളുടെ റിസ്റ്റോറേഷൻ ചാർജ്ജ് 10.02.2023-ലെ No.CEPWD/2675/2021-C4 (W) RD സർക്കുലർ പ്രകാരമുള്ള നിരക്കിൽ കണക്കാക്കി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

രണ്ട് ഘട്ടങ്ങളിലുമായി പ്രവൃത്തി നടത്തുന്നതിന് 16.37 കോടി രൂപയുടെ അടങ്കലിൽ വിവിധ ഏജൻസികൾ വകയിരുത്തേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കാണും പ്രകാരം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| സ്ഥാപന വിഹിതം | ശതമാനം | തുക |
|---|---|---|
| കേന്ദ്ര വിഹിതം | 45% | 7,36,65,000 |
| സംസ്ഥാന വിഹിതം | 30% | 4,91,10,000 |
| തദ്ദേശ സ്ഥാപന വിഹിതം | 15% | 2,45,55,000 |
| ഗുണഭോക്തൃ വിഹിതം | 10% | 1,63,70,000 |
| ആകെ | | 16,37,00,000 |

എന്നാൽ മേൽ പ്രകാരം തദ്ദേശ സ്ഥാപന വിഹിതമായ 15% തുകയിൽ 2020-21 വാർഷിക പദ്ധതി പ്രകാരം 5,00,000 രൂപ (വൗച്ചർ നം. 22001255/31.03.2021) വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

ഇതേ രീതിയിൽ 10% തുക ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയോ അതോറിറ്റിയ്ക്ക് കൈമാറുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020-ലെ സ.ഉ.(സാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം

സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിനു വേണ്ടി വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകിയിട്ടില്ല എന്നും, പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കുഴിച്ച റോഡുകൾ പൂർണ്ണമായും റിസ്റ്റോറേഷൻ നടത്തിയിട്ടില്ലായെന്നും, റിസ്റ്റോറേഷൻ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് തുക കൈമാറിയിട്ടില്ലായെന്നും ഇതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 06.03.2025 തിയ്യതി നടന്ന യോഗ തീരുമാനപ്രകാരം 2025-26 വാർഷിക പദ്ധതിയിൽ താഴെ പറയും പ്രകാരം പദ്ധതി ഏറ്റെടുത്തിട്ടുണ്ട് എന്ന് അവിണിശ്ശേരി പഞ്ചായത്ത് ബോധിപ്പിച്ചു. എന്നാൽ യോഗ തീരുമാനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| 157 | ജൽ ജീവൻ മിഷൻ -വാർ ഡ് നം. 1,2,13 റോഡുകളുടെ പുനരുദ്ധാരണം | 9,90,000 |
| 158 | ജൽ ജീവൻ മിഷൻ-വാ® ഡ് 2,4,9,6 റോഡുകളുടെ പുനരുദ്ധാരണം | 17,29,200 |
| 159 | ജൽ ജീവൻ മിഷൻ- വാ® ഡ് 8,11,12 റോഡുകളുടെ പുനരുദ്ധാരണം | 11,82,500 |

23.06.2025 തിയ്യതിയിൽ ക്രമ നം. 1 ആയി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 23.06.2025 ലഭിച്ച മറുപടി പ്രകാരം തയ്യാറാക്കിയ പരാമർശം.

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ് - ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

3. സ്കീം 3 – ഗ്രാമപദ്രേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത്

സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

<u>ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും</u>

പാലിയേറ്റീവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 31.08.2022ലെ സ.ഉ.(സാ) 2132/2022/ത.സ്വ.ഭ.വ ഉത്തരവിൽ ഉൾപ്പെട്ട സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തുന്നതിനാവശ്യമായ റീഏജന്റുകളും, ടെസ്റ്റ്കിറ്റുകളും ആവശ്യമായ ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനും, ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 (₹) | സ്കീം 4 (₹) | ആകെ തുക (₹) | ചെലവഴിച്ച തുക (₹) |
|---|---|---|---|---|---|---|
| 1 | 2021 - 22 | NIL | 2,08,161 | 80,000 | 2,88,161 (2022-23 വർഷം ലഭിച്ചു) | ചെലവഴിച്ചിട്ടില്ല |
| 2 | 2022 -23 | NIL | 8,34,000 | 3,55,000 | 11,89,000 (2023-24 വർഷം ലഭിച്ചു) | 2,83,567 |
| 3 | 2023-24 | NIL | 3,48,000 | 5,64,000 | 9,12,000 (2024-25 വർഷം ലഭിച്ചു) | 6,60,184 |
| 4 | 2024-25 | NIL | NIL | NIL | | |

നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | പ്രോജക്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 2021-22 | NIL | NIL | NIL |
| 2022-23 | NIL | NIL | NIL |
| 2023-24 | 200/24- അവിണിശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു കീഴിലെ സബ്സെന്റർ കേന്ദ്രീകരിച്ച് പരിശോധനകൾ, ബോധവൽക്കരണം (സ്പിൽ ഓവർ) | 80,000 | 79,818 |
| | 201/24- അവിണിശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ | 2,08,161 | 2,03,749 |

| | | | |
|---|---|---|---|
| | ലാബ് സൗകര്യം (സ്പിൽ ഓവർ) | | |
| 2024-25 | 253/24- അവിണിശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യം (സ്പിൽ ഓവർ) | 4,412 | 4,239 |
| | 254/24- കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ നടപ്പിലാക്കൽ (സ്പിൽ ഓവർ) | 3,55,000 | 2,50,928 |
| | 255/24- കുടുബാരോഗ്യ കേന്ദത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സംവിധാനം ഒരുക്കൽ (സ്പിൽ ഓവർ) | 8,34,000 | 4,05,017 |

ഗ്രാമപഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആരോഗ്യ സേവന മേഖലയിൽ സ്കീം 3, 4 എന്നിവയിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 13 | 74,500 | 74,500 | 0 | |

*01-04-2024 മുതൽ 31-03-2025 വരെയുള്ള കാലയളവിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 വരെയുള്ള കാലയളവിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 01 | March 2025 | 500 | 500 | - | - |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 4,26,091 രൂപ ചിലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഇവ ചിലവഴിക്കാൻ സാധിക്കാത്തപക്ഷം അതാത് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും | ₹59,216/- Vr.No.42401591/11.03.25 ₹42,816/- Vr.No.42401591/11.03.25 ₹10,262/- | 1,12,294 | 59,216 | 53,078 |

| | | | | | |
|---|---|---|---|---|---|
| | സ്ലീറ്റ് മെയിൻ വലിച്ച് എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കു ന്നതിനുമുള്ള തുക അടവാക്കൽ പ്രൊജക്റ്റ് നം. 144/25 | Vr.No.22301254/15.03.24 ആകെ ₹1,12,294/ | | | |
| KSEB | റോഡിൽ തടസ്സമായി നില്ക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കു ന്നതിനും സ്ലീറ്റ് മെയിൻ വലിക്കുന്നതിനും തുക അടവാക്കൽ – പ്രൊജക്റ്റ് നം. 14/25 | ₹48,380/- Vr.No.4201596/11.03.25 ₹6,33,354/- Vr.No.22401487/28.03.25 ആകെ ₹6,81,734/- | 6,81,734 | 93,203 | 5,88,531 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE LOAN | | 47,97,182 | 0 | 4,11,355 | - | 43,85,827 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,35,24,898 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,11,61,484 |
| ആകെ | 8,46,86,382 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,42,04,843 |
| നീക്കിയിരിപ്പ് | 3,04,81,539 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,33,208 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം/ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2,33,208 | ശ്രീ.സിൻത് കെ സുധൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ് സെക്രട്ടറി) |
| ആകെ | 2,33,208 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സിൻത് കെ സുധൻ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത്, പാലക്കാട് | കൊടിവളപ്പിൽ വീട്, പുല്ലൂട്ട് പി.ഒ, തൃശ്ശൂർ – 680 663. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1996-97 (ചെലവ്) | LFT 18-1478/98 Dt.04.06.99/15.07.99 | 1 | 21 | |
| 2 | 1997-98 (ചെലവ്) | LFT 18-1534/98 Dt.04.06.99 | 1 | 17 | |
| 3 | 1998-99 (ചെലവ്) | LFT 18-1711/2000 Dt.01.03.01/ 11.04.01 | 1 | 10 B,C,D | |
| 4 | 1999-2000 (ചെലവ്) | LFT 18-966/2001 Dt.21.08.2001 | 6 | 10(1), 17, 18, 19, 21d, 22 | |

| | | | | | |
|---|---|---|---|---|---|
| 5 | 2000-01 (വരവ്- ചെലവ്) | LFT 15-725/2005 Dt.12.09.2005/02.01.2006 | 2 | 3-4, 3-5 | |
| 6 | 2000-01 മുതൽ 2001-02 വരെ (ജനകീയാസൂത്രണം) | LFT 15-1106/03 Dt.13.10.03 | 7 | 4, 5, 8, 9, 10, 11, 12 | |
| 7 | 2001-02 (വരവ്- ചെലവ്) | LFT 15-1130/05 Dt.20.01.2006 | 2 | 2,3-4 | |
| 8 | 2002-03 (വരവ്- ചെലവ്) | LFT 15-1123/05 Dt.20.01.2006/ 16.05.2006 | 2 | 3-5, 3-16 | |
| 9 | 2003-04 (വരവ്- ചെലവ്) | LFT 15-1254/08 Dt.05.05.09/ 07.12.09 | 4 | 2-3(3,4), 3-3, 3-4, 3-5 | |
| 10 | 2004-05 (വരവ്- ചെലവ്) | LFT 15-1255/08 Dt.05.09.09/ 07.12.09 | 6 | 2-1, 2-3, 3-1 (3,4,5), 3-3, 3-6,3-7 | 3-6 (Case) |
| 11 | 2006-07 (വരവ്- ചെലവ്) | LFT 15-866/09 Dt.13.08.2010 | 3 | 2-1, 3-3, 3-4 | |
| 12 | 2007-08 (വരവ്- ചെലവ്) | LFT P9-922/11 Dt.21.11.2011/ 05.01.2012 | 15 | 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-15, 3-16, 3-17 | |
| 13 | 2008-09, 2009-10, 2010-11 (വരവ്- ചെലവ്) | LFT (P2) 1871/2012 Dt.13.02.2013/ 06.07.2013 | 11 | 2-1, 2-7 B,C,D, 3-3(2), 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11(1) | |
| 14 | 2011-12 (വരവ്- ചെലവ്) | LFT (P2)-60/2013 Dt.17.04.13/ 12.08.13 | 12 | 2-1 (1,3,4,6,7,8), 2-4, 2-5, 3-1, 3-2, 3-3, 3-4, 3-7, 3-8, 3-9, 3-10, 3-12 | |
| 15 | 2012-13 (വരവ്- ചെലവ്) | LFT (P2)- 2168/13 Dt.07.05.14/ 16.07.14 | 8 | 2-3 (ആബിദ ഖാദ® , അഫ്സ® സീനിയ, സുജാത കെ.കെ, മിനി ജേക്കബ്, സി.എസ്. പ്രകാശ® , ശ്രീകല വി.കെ, ജയ കെ.ആ® , രമ്യ, ധന്യ എന്നിവ® തൊഴിൽ നികുതി അടവാക്കിയില്ല.) 3-1, 3-3, 3-5, 3-6, 3-7, 3-12, 3-13 | |

| | | | | | |
|---|---|---|---|---|---|
| 16 | 2013-14 (വരവ്- ചെലവ്) | LFT(P2)- 284/15 Dt.11.05.15/ 24.07.15 | 1 | 3-8(2) | |
| 17 | 2014-15 (വരവ്- ചെലവ്) | KSATSR(P2) 683/16 Dt.13.05.16/ 15.06.16 | 6 | 2-5, 3-2, 3-3, 3-5, 3-6, 3-8 | |
| 18 | 2015-16 (വരവ്- ചെലവ്) | KSATSR(P2) 1984/16 Dt.14.11.16/ 30.12.16 | 5 | 1-3, 2-2,2-3, 3-2, 3-9 | 2-3 (CAR) |
| 19 | 2016-17 (വരവ്- ചെലവ്) | KSATSR(P2) 1318/17 Dt.19.09.17 | 8 | 1-3, 2-1 (5,6),2-3,3-3, 3-5,3-7,3-10,3-14 | |
| 20 | 2017-18 (വരവ്- ചെലവ്) | KSATSR(P2) 1675/18 Dt.11.12.18 | 7 | 1-12, 2-2(4), 2-6, 3-3, 3-4, 3-5, 3-6 | |
| 21 | 2018-19 | KSATSR(P2) 1045/19 Dt. 30.08.19 | 22 | 1-10, 1-12, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 | |
| 22 | 2019-20 | KSATSR(P2) 2021 Dt.11.05.21 | 16 | 1-9, 1-10, 1-10-1, 1-10-2, 1-10-5, 1-10-6, 1-10-7, 1-10-8, 1-10-9, 1-10-10, 1-11, 1-13, 1-14, 1-15, 1-17, 1-22 | |
| 23 | 2020-21 | KSATSR(P2) 942/22 Dt. 03.07.22 | 7 | 1-8, 1-19, 1-24, 1-25, 1-27, 1-29, 4-2 | |
| 24 | 2021-22 | KSATSR(P2) 201/2023 Dt. 10.04.2023 | 16 | 1-10, 1-11, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26 (3-1), 1-27, 1-29 | |
| 25 | 2022-23 | KSATSR(P2)1330/23 Dt.20.09.23 | 19 | 1-1, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29 | |
| 26 | 2023-24 | KSATSR(P2)1126/24 Dt.14.08.24 | 14 | 1-1, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23 | |
| | | ആകെ – **201** | | | |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 10-06-2025 and submitted on 11-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Avinissery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Avinissery Grama Panchayat as on 31-03-2025

**Date: 21/08/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Avinissery Grama Panchayat for the Year 2024-2025.

### 1.Major Observations

### 2.Other Observations

a. Comments relating to Income & Expenditure account.

Nil

b. Comments relating to Balance Sheet

1. Adequate provision for doubtful debts has not been made for property tax arrears.

**C. <u>Comments relating to Receipt & Payment</u>**

Nil

d. **<u>Comments relating to Cashflow statement</u>**

1. The Cash Flow statement shows a net increase/decrease in cash flow of (-) 3043359 , which does not align with the difference between the opening and closing balance of cash and cash equivalents, amounting to -1339817.00
2. Calculations under Operating Activities, Investing Activities, Financing Activities sections in the cash Flow statement are not accurate.

**<u>e. Comments relating to Ratios</u>**

1. The mandatory financial statements as prescribed in accounting rules, such as key ratios, are not included in the annual financial statement.

**<u>f. Comments relating to Notes to Accounts</u>**

1. Notes to the accounts are not included within the financial statements.

**<u>g. Comments relating to Receipt Vouchers</u>**

Nil

h. <u>Comments relating to Payment Vouchers</u>

Nil.

I. <u>Comments relating to Journal Vouchers</u>

1.Journal vouchers for the journal entries are not maintained with authentic certified vouchers and worksheets.
2.Authenticated Journal Vouchers are not maintained for supporting the journal entries in the schedule Prior Period items.

| Head code | Ledger balance as on 31/3/2025 |
|---|---|
| 290600499- Prior Period Expense Remission and Refund - Other Incomes | 3,66,026 |
| 190100101 - Prior period Income- Propert tax | 51,798 |
| 190100101 - Prior period Income- Profession Tax | 1,150 |
| 190200101 - Prior period Income- Rent from Bulidings | -56,292 |
| 190200201-Prior period Income- Licence Fees | 1,000 |
| 190200401-Prior period Income- Other Incomes | -957 |

3. Under the Other Liabilities head in Balance Sheet Schedule B-9, amounts have been received in advance for the incomes listed below. However, the details of these advance amounts have not been recorded in the relevant demand register and not reconciled and certified in accordance with the balance sheet.

| Sl No | Income | Advance Head | Advance as on 31/3/2025 |
|---|---|---|---|
| 1 | Profesion tax | 350410102-Advance Collection Of Revenues- Profession Tax /Inst/Trad/Prof | 4,12,250 |

| | | | |
|---|---|---|---|
| 2 | Licence | 350410301-Advance Collection Of Revenues -<br>License Fees For Factories, Traders, Enterprenuers<br>and Other Services | 2,31,500 |

4. Since the registers were not written, certified in summary, and properly maintained, it was not possible to verify the accuracy of the amounts recorded in the annual account of revenues under Schedules RP-3, RP-4, and RP-5.

m. Comments relating to Asset Register

1. The asset value presented in the balance sheet cannot be traced back to the Asset Register due to the incompatible design of the current asset register system.

n. comments relating to Inventory and other registers

1. The Income registers generated for the audit were not reconciled periodically with the corresponding ledger.

**EPUTY DIRECTOR**

**അനുബന്ധം-2**

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Avinissery Grama Panchayat**
**BALANCE SHEET**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -6837007.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2129.00 |
| 312000000 | Reserves | B-3 | 52906581.00 |
| | **Total Reserve & Surplus** | | **92143406.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12146979.00 |
| | **Total Grants, Contributions for Specific Purposes** | | **24293958.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 4385827.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **8771654.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 536472.00 |
| 341000000 | Deposits Works | B-8 | 88273.00 |
| 350000000 | Other Liabilities | B-9 | 2781088.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6811666.00** |
| | **TOTAL LIABILITIES** | | **132020684.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1757741.00 |
| 412000000 | Capital Work in Progress | B-11(b) | 3032762.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 98500.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 3061844.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 51919705.00 |
| 416000000 | Accumulated Depreciation | B-11(a) | -38465714.00 |
| | **Total Fixed Assets** | | **42809676.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by N Prad
Date: 2025.06.11 15:59:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6968363.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 4305827.00 |
| 450000000 | Cash and Bank Balance | B-17 | 30481539.00 |
| 460000000 | Loans, Advances and Deposits | B-18 | 2849775.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **89211008.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **132020684.00** |

**Avinissery Grama Panchayat**

**INCOME & EXPENDITURE STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8090875.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 746540.00 |
| 140000000 | Fee & User Charges | I-4 | 2875255.00 |
| 150000000 | Sale & Hire Charges | I-5 | 650458.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 131820954.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 267970.00 |
| 180000000 | Other Income | I-9 | 729103.00 |
| 190000000 | Prior Period Income | I-19 | -3301.00 |
| | **Total Income** | | **290362310.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11872580.00 |
| 220000000 | Administrative Expenses | I-11 | 1375676.00 |
| 230000000 | Operations & Maintenance | I-12 | 7059104.00 |
| 240000000 | Interest & Finance Charges | I-13 | 515.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6300074.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 27240802.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 23364640.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 8120229.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53942300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 759327.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by N Prad
Date: 2025.06.11 15:59:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 9677795.00 |
| | **Total Expenditure** | | **299426084.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9063774.00** |
| | **Gross Surplus / Deficit of income over Expenditure** | | **-8718724.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 348351.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **345050.00** |

## Avinissery Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 33516888.00 |
| Cash | Cash | RP-40(a) | 8010.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 844417.00 |
| 130000000 | Rental income from Panchayat Properties | RP-3 | 140708.00 |
| 140000000 | Fees & User Charges | RP-4 | 2510942.00 |
| 150000000 | Sale & Hire Charges | RP-5 | 650458.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15107803.00 |
| 171000000 | Interest Earned | RP-9 | 318963.00 |
| 190000000 | Prior Period Income | RP-11 | 3400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16288357.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7683993.00 |
| 460000000 | Loans, Advances and Deposits | RP-49 | 1012442.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 335006.00 |
| 330000000 | Secured Loans | RP-31 | 4797182.00 |
| 340000000 | Deposits Received | RP-33 | 189312.00 |
| 350000000 | Other Liabilities | RP-35 | 1278501.00 |
| | **Grand total** | | **169372764.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 46396.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 39433.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6680545.00 |
| 460000000 | Loans, Advances and Deposits | RP-49 | 1181193.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 165715.00 |
| 350000000 | Other Liabilities | RP-35 | 46091561.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 30481539.00 |



Digitally signed by N Prad
Date: 2025.06.11 15:59:2
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **169372764.00** |



**DEPUTY DIRECTOR**